# Official Spokesperson's response to media queries on target killing of two Sikh traders in Peshawar, Pakistan

May 15, 2022

**പാക്കിസ്ഥാനിലെ പെഷവാറിൽ രണ്ട് സിഖ് വ്യാപാരികളെ കൊലപ്പെടുത്തിയതിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

മെയ് 15, 2022

**പാക്കിസ്ഥാനിലെ പെഷവാറിൽ രണ്ട് സിഖ് വ്യാപാരികളെ ലക്ഷ്യമിട്ട് കൊലപ്പെടുത്തിയതിനെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു .**

"പെഷവാറിൽ ആയുധധാരികളായ അജ്ഞാതർ രണ്ട് സിഖ് വ്യാപാരികളെ ക്രൂരമായി കൊലപ്പെടുത്തിയതിന്റെ റിപ്പോർട്ടുകൾ ഞങ്ങൾ കണ്ടു. സങ്കടകരമെന്നു പറയട്ടെ, ഇത് ആദ്യ കേസോ അപൂർവ്വമായ സംഭവമോ അല്ല

ഞെട്ടിപ്പിക്കുന്നതും ദയനീയവുമായ ഈ സംഭവത്തിൽ ഇന്ത്യൻ പൗരസമൂഹത്തിന്റെ വിവിധ കോണുകളും സിഖ് സമൂഹവും കടുത്ത ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. പാക്കിസ്ഥാനിലെ ന്യൂനപക്ഷ സമുദായത്തിലെ അംഗങ്ങളെ തുടർച്ചയായി ലക്ഷ്യമിടുന്നതിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം പാകിസ്ഥാൻ സർക്കാരിനോട് രേഖപ്പെടുത്തിയിട്ടുണ്ട്. വിഷയത്തിൽ ആത്മാർത്ഥമായി അന്വേഷണം നടത്തി ഈ ദയനീയമായ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.പാകിസ്ഥാൻ ഗവൺമെന്റ്, അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചുകൊണ്ട്, ന്യൂനപക്ഷ സമുദായങ്ങളുടെ സുരക്ഷയും സംരക്ഷണവും ക്ഷേമവും കാത്തുസൂക്ഷിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**ന്യൂ ഡെൽഹി**
**മെയ് 15, 2022.**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.